നം. KSHO/167/2025-E2(2) 20-02-2025

**സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)**
**കരാർ നിയമനങ്ങൾ (വിജ്ഞാപനം - വനിതകൾക്കു മാത്രം)**

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ- കുടുംബശ്രീ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകളിൽ കൗൺസിലർ തസ്തികയിൽ കരാർ അടിസ്ഥാനത്തിലുള്ള ഒഴിവുകളിലേയ്ക്ക് യോഗ്യരായ വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**1. തസ്തിക** : കൗൺസിലർ

**2. ഒഴിവ്** : ആകെ 2 എണ്ണം
(കൊല്ലം, പത്തനംതിട്ട ജില്ലകളിൽ)

**3. നിയമന രീതി :** കരാർ നിയമനം (കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ ആ സാമ്പത്തിക വർഷം അവസാനം വരെയായിരിക്കും കരാർ കാലാവധി. പ്രവർത്തനമികവ് പരിശോധിച്ച് കരാർ ദീർഘിപ്പിക്കുന്നതാണ്)

**4. വിദ്യാഭ്യാസ യോഗ്യത :** എം.എസ്.സി സൈക്കോളജി/ എം.എസ്.ഡബ്ല്യൂ അല്ലെങ്കിൽ കൗൺസിലിംഗിൽ ബിരുദാനന്തര ബിരുദം

**5. പ്രായപരിധി :** 31/01/2025 ന് 40 വയസ്സിൽ കൂടാൻ പാടുള്ളതല്ല
(മേൽ വിവരിച്ച യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള, നിലവിൽ കുടുംബശ്രീയുടെ കമ്മ്യൂണിറ്റി കൗൺസിലറായി പ്രവർത്തിക്കുന്ന, 50 വയസ്സിൽ താഴെയുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.)

**6. പ്രവൃത്തിപരിചയം :** സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ / ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങൾ/ മികച്ച സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കൗൺസിലറായുള്ള 2 വർഷത്തെ പ്രവൃത്തി പരിചയം നിർബന്ധം

**7. വേതനം :** 30,000 രൂപ പ്രതിമാസ വേതനം.

**8. ജോലിയുടെ സ്വഭാവം**

1. കുടുംബശ്രീ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകളിൽ എത്തുന്നവർക്കും, അന്തേവാസികൾക്കും ഉള്ള കൗൺസിലിംഗ് നൽകൽ
2. കുടുംബശ്രീയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഫീൽഡ്തലത്തിലും ആവശ്യമുള്ളവർക്കായി കൗൺസിലിംഗ് നടത്തണം.
3. സ്ത്രീപദവി സ്വയംപഠന പ്രക്രിയയുടെ ഭാഗമായി കണ്ടെത്തുന്ന നിരാലംബരായ വനിതകൾക്കും, കുട്ടികൾക്കുമുള്ള കൗൺസിലിംഗ്
4. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള ജെൻഡർ റിസോഴ്സ് സെൻററുകളിൽ കൗൺസിലിംഗിനായി എത്തുന്നവർക്ക് ആവശ്യമായ ഉപദേശം നൽകുക
5. സ്നേഹിതയുടെ പ്രവർത്തനത്തിൻറെ ഭാഗമായി ഫീൽഡ് പ്രവർത്തനവും, ഏകോപനവും കുടുംബശ്രീ ജില്ലാ മിഷൻറെ നിർദ്ദേശാനുസരണമുള്ള മറ്റു പ്രവർത്തനങ്ങളും.

**9. അപേക്ഷ സമർപ്പിക്കേണ്ട രീതി**

1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
2. നിയമനം സംബന്ധിച്ച നടപടികൾ സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെൻറ്

(സി.എം.ഡി) മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.
3. അപേക്ഷാർത്ഥികൾ 500 രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

**10. നിയമനപ്രക്രിയ**

1. സമർപ്പിക്കപ്പെട്ട ബയോഡേറ്റകളും, പ്രവൃത്തിപരിചയവും വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സി.എം.ഡി.ക്കുണ്ടായിരിക്കും.
2. ഉദ്യോഗാർത്ഥികളുടെ ബയോഡാറ്റ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവൃത്തിപരിചയവും പരിഗണിച്ച് യോഗ്യരായവർക്ക് എഴുത്തുപരീക്ഷ, ഇൻ്ററർവ്യൂ എന്നിവ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പൂർണ്ണചുമതല സി.എം.ഡി.ക്കാണ്.
3. അപേക്ഷക എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**11. അപേക്ഷ സമർപ്പിക്കേണ്ട വിലാസം**

**www.cmd.kerala.gov.in** എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

12. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : 04/03/2025, വൈകുന്നേരം 5 മണി

13. മറ്റു നിബന്ധനകൾ

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, Online അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, യഥാസമയം ലഭിക്കാത്ത അപേക്ഷകളും, അംഗീകരിച്ച യോഗ്യതകൾ ഇല്ലാത്തതുമായ അപേക്ഷകളും പരിഗണിക്കുന്നതല്ല.
2. പരീക്ഷാ ഫീസും, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം Online ആയി സമർപ്പിക്കാവുന്നതാണ്.
3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർത്ഥി യഥാസമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.
4. റാങ്ക് ലിസ്റ്റിൻ്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.
5. ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായേക്കാം.
6. നിയമനം ലഭിക്കുന്നവർ സംസ്ഥാനത്തിലെ ഏതു ജില്ലയിലും പ്രവർത്തിക്കാൻ സന്നദ്ധരായിരിക്കണം. കൂടാതെ നിയമനം ലഭിക്കുന്ന ജില്ലയിൽ കരാർ കാലാവധി അവസാനിക്കുന്നതു വരെ സേവനമനുഷ്ഠിക്കേണ്ടതുമാണ്.
7. ടി തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ടിരിക്കുന്ന പ്രവൃത്തിപരിചയം അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിബന്ധന മാത്രമാണ്. തസ്തികയിൽ നിയമനം ലഭിച്ചാൽ പ്രസ്തുത പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

Signed by
Dineshan H
Date: 20-02-2025 09:57:31